(ജി) പദ്ധതി നഷ്ടത്തിലാവാതിരിക്കുന്നതിന് എന്തെല്ലാം മുൻകരുതലെടുക്കാൻ ഉദ്ദേശിക്കുന്നു ?

ഉത്തരം

(എ-ജി) ടൂറിസം വകുപ്പിന്റെ അഭിമുഖ്യത്തിൽ ഇങ്ങനെ ഒരു പദ്ധതി ആലോചനയിലില്ല. എന്നാൽ വിദ്യുച്ഛക്തി വകുപ്പ് ഇത്തരം ഒരു പദ്ധതി പരിഗണിക്കുന്നതായി മനസ്സിലാക്കുന്നു. അതിന്റെ വിശദാംശങ്ങൾ ടൂറിസം വകുപ്പിൽ ലഭ്യമല്ല.

മീഡിയം ടൗണുകളുടെ വികസനത്തിന് പ്രോജക്ടുകൾ

142 (3332) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് മീഡിയം ടൗണുകളുടെ വികസനത്തിന് ടൂറിസത്തിന് പ്രാധാന്യം നൽകി പ്രോജക്ടുകൾ തയ്യാറാക്കി ടൂറിസം വകുപ്പ് വഴി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഇപ്രകാരം പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിച്ച ഇടത്തരം പട്ടണങ്ങൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതു സംബന്ധിച്ച് ടൂറിസം വകുപ്പ്മന്ത്രി വിളിച്ചുചേർത്ത കോൺഫറസിനുശേഷം കേന്ദ്രസഹായത്തോടുകൂടി ഇക്കാര്യത്തിൽ സ്വീകരിച്ച മേൽ നടപടികൾ വിശദീകരിക്കുമോ ;

(സി) ഇടത്തരം നഗരമായ കായംകുളം മുനിസിപ്പാലിറ്റി സംസ്ഥാന ടൂറിസം വകുപ്പു വഴി കേന്ദ്ര സർക്കാരിന് സമർപ്പിച്ച ആറ് കോടിയോളം വരുന്ന തുകയ്ക്കുള്ള പ്രോജക്ടുകൾക്ക് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ സ്വീകരിച്ച മേൽ നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) 'മീഡിയം ടൗണുകളുടെ വികസനം' എന്ന പേരിൽ ടൂറിസം വകുപ്പ് കേന്ദ്രസർക്കാരിന് പദ്ധതി സമർപ്പിച്ചിട്ടില്ല.

(സി) കായംകുളം മുനിസിപ്പാലിറ്റി തയ്യാറാക്കിയ ഒരു പദ്ധതിയും ടൂറിസം വകുപ്പ് കേന്ദ്ര സർക്കാരിന്റെ ധനസഹായത്തിനായി സമർപ്പിച്ചിട്ടില്ല.

കോവളത്തെ കേരള ഗ്രാമം പരിപാടി

143 (3333) ശ്രീ. തമ്പാനൂർ രവി :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവളത്ത് കേരള ഗ്രാമം പരിപാടി ആരംഭിച്ചത് എന്നു മുതലാണ് ;

(ബി) ഇതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ എന്തു തുക ചെലവാക്കി ;

(സി) വർഷംതോറും ഈ പരിപാടി നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly